പ്ലിനിയും പ്രാകൃതിക ചരിത്രവും

ശാസ്ത്രത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും വിവിധ സമുജ്ജ്വലമായ സ്വാധീനം വളരെക്കാലം നൽകിയിട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥമാണ് 'പ്രാകൃതിക ചരിത്രം' — റോമിലെ ഏററവും പ്രശസ്തനായ പ്രകൃതി ശാസ്ത്ര വിശാരദനായിരുന്ന പ്ലിനിയാണ് ഇതിന്റെ കർത്താവ്. അരിസ്റ്റോട്ടിൽ കഴിഞ്ഞാൽ ഇത്രയും ആധികാരികത്വം ആർജിച്ച പ്രാചീന കാല പണ്ഡിതന്മാർ കുറവാണ്. പുരാതനകാലത്തും മദ്ധ്യയുഗത്തിലും ആധുനിക കാലഘട്ടത്തിലും പ്രാമാണികത്വം ഈ കൃതി വിപുലമായി പുലർത്തിയിട്ടുണ്ട്. ഇന്നും അതിന്റെ പ്രാധാന്യം അസ്തമിച്ചെന്നു പറഞ്ഞു കൂടാ. പ്ലിനി നേരിട്ടിട്ടുള്ള വിപരീതങ്ങളായ നിരൂപണങ്ങൾക്കു നിദാനം, ജീവിച്ചിരുന്ന കാലഘട്ടത്തിലെ പരിമിതികൾ ഓർമ്മിക്കാതെ നിരൂപകന്മാർ കടുത്ത പ്രതീക്ഷകൾ പുലർത്തിയതു തന്നെ.

വടക്കെ ഇററലിയിലുള്ള കോമയിൽ എ. ഡി 23–ൽ ഗൈയസ് പ്ലിനിയസ് സെക്കണ്ടസ് പ്രശസ്ത സേവന പാരമ്പര്യമുള്ള ഒരു പുരാതന കുടുംബത്തിൽ പിറന്നു. വിപുലവും വിദഗ്ദ്ധവുമായ വിദ്യാഭ്യാസം കഴിഞ്ഞ് കുറെക്കാലം ജർമ്മനിയിൽ സൈനിക ജോലിയിലിരുന്നു. അതിന്റെ അന്ത്യത്തിൽ ഒരു നാവിക വിഭാഗത്തിന്റെ കമാൻഡർ ഇൻ ചീഫ് എന്ന പദവിയിലെത്തി. ഔദ്യോഗിക കർത്തവ്യങ്ങൾക്കിടയിൽ കിട്ടിയ ഇടവേളകൾ പഠനത്തിനും ഗ്രന്ഥരചനയ്ക്കും ഉപയോഗിച്ചു. ധീരനും നീതിമാനും നെറിയും കൂറുമുള്ളവനുമായ ഒരു നല്ല മനുഷ്യനായിരുന്നു പ്ലിനിയെന്ന് അക്കാലത്തെ രേഖകൾ സംശയ രഹിതമായി കാണിക്കുന്നുണ്ട്. അത്യദ്ധ്വാനത്തിനുള്ള അനന്തമായ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. എ. ഡി. 79–ൽ വെസൂവിയസ് അഗ്നിപർവ്വതം പൊട്ടിയപ്പോൾ നേപ്പിൾസ് കടലിൽ നാവികരോടൊത്ത് കഴിയുകയായിരുന്നു അദ്ദേഹം. സ്തോഭജനകമരുളിയ അസുലഭമായ കാഴ്ച നേരിട്ടു പഠിക്കുവാൻ, ഒരു വള്ളത്തിൽ പോംപെയുടെ തീരത്തെ സമീപിച്ചു. അവിടേയ്ക്ക് ഒഴുകിവന്ന അഗ്നിശിലാദ്രാവകത്തിലകപ്പെട്ട് അദ്ദേഹം അകാലമൃത്യുവടഞ്ഞു.

ഉത്തരവാദപ്പെട്ട ഒരാവിനും ഔദ്യോഗിക കർത്തവ്യങ്ങൾക്കിടയിലും— അവ പലപ്പോഴും വിദൂരദേശങ്ങളിലും ദൂര പ്രദേശങ്ങളിലുമായിരുന്നു— ആഴത്തിൽ പഠിക്കുവാനും ഗഹനങ്ങളായ കൃതികൾ ചമയ്ക്കാനും പ്ലിനിയ്ക്ക് പ്രയാസമുണ്ടായിരുന്നില്ല. വളരെ ഭിന്നങ്ങളായ വിഷയങ്ങളും വിശദമായി കൈകാര്യം ചെയ്തിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ 'പ്രാകൃതിക ചരിത്രം' മാത്രമേ കിട്ടിയിട്ടുള്ളൂ. സർവ്വവിജ്ഞാനീയമെന്നു വിഷമം കൂടാതെ വിശേഷിപ്പിക്കാവുന്ന ഈ കൃതിയെ ആധാരമാക്കിയാണ് അദ്ദേഹത്തിന്റെ യശസ്സ് ഇന്നു് നില നിൽക്കുന്നത്.

പ്രതിപാദന സൗകര്യാർത്ഥം, പ്രാകൃതിക ചരിത്രത്തെ വീതിച്ചിരിക്കുന്നത് മുപ്പത്തിയേഴ് പുസ്തകങ്ങളായിട്ടാണ്. ഏതാണ്ട് ഇരുപതിനായിരത്തോളം തിരഞ്ഞെടുത്ത ഉദ്ധരണികൾ അതിലുണ്ട്; രണ്ടായിരം മൂലകൃതികളിൽ നിന്നു സ്വീകരിച്ചിട്ടുള്ളവ. അവ അഞ്ഞൂറോളം ആധികാരിക പണ്ഡിതന്മാരുടേതുമാണ്! ഇതിനുവേണ്ടി വന്ന പരിശ്രമം എത്രയെന്ന് ഊഹിക്കുന്നതാണുത്തമം. പ്രത്യേകിച്ച്, അദ്ദേഹം ജീവിച്ചിരുന്ന പ്രാചീന കാലഘട്ടത്തിലെ പരിമിതികളും കണക്കിലെടുക്കണം. തികച്ചും സ്വതന്ത്രമായ ഒരു ഗ്രന്ഥമാണിതെന്ന അഹങ്കാരം അദ്ദേഹത്തിൽ നിന്ന് എങ്ങും വന്നിട്ടുമില്ല!

രണ്ടാമത്തെ പുസ്തകത്തിലെ വിഷയങ്ങൾ ജ്യോതിശ്ശാസ്ത്രവും ഭൗതികവുമാണ്. യൂറോപ്പ് ആഫ്രിക്ക ഏഷ്യ എന്നിവിടങ്ങളിലെ മാനവജാതി ഭൂമിശാസ്ത്രവും, ഭൂമിശാസ്ത്രവും അവതരിപ്പിച്ചിരിക്കുന്നു. ജിബ്രാൾട്ടർ കടലിടുക്കു മുതൽ ഇന്ത്യ വരെയാണ് പ്രതിപാദന മേഖല വ്യാപിച്ചു കിടക്കുന്നത്.

ഏഴാമത്തേതിൽ നരവംശ ശാസ്ത്രവും മനുഷ്യ ശരീരക്രിയാ വിജ്ഞാനവും കൈകാര്യം ചെയ്തിട്ടുണ്ട്. കരയിലെ ജന്തുക്കൾ, സമുദ്ര ജീവികൾ, പക്ഷികൾ, ഷട്പദങ്ങൾ എന്നിവയാണ് എട്ടു മുതൽ പതിനൊന്നുവരെയുള്ള പുസ്തകങ്ങളിലെ മുഖ്യമായ പ്രതിപാദ്യം. പന്ത്രണ്ടു മുതൽ പത്തൊമ്പതുവരെ ചർച്ചയ്ക്ക് സ്വീകരിച്ചിരിക്കുന്നത് വനവൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, കൃഷി ശാസ്ത്രം തുടങ്ങിയവയെ സംബന്ധിക്കുന്ന സംഗതികളാണ്. ഇരുപതു മുതൽ ഇരുപത്തിയേഴു വരെ, സസ്യജന്യങ്ങളായ ഔഷധക്കൂട്ടുകളും. ഇരുപത്തിയെട്ടു മുതൽ മുപ്പത്തിരണ്ടുവരെ ജന്തുജന്യൗഷധങ്ങളുമാണ് മുഖ്യമായി വിശദമാക്കുന്നത്. അവശേഷിക്കുന്ന അഞ്ചു പുസ്തകങ്ങളിലാണ് ധാതുശാസ്ത്രവും ഔഷധനിർമ്മിതിയിലും ചിത്രരചനയിലും പ്രതിമാനിർമ്മാണത്തിലും ആവശ്യമാകുന്ന ധാതുക്കളും മററും പ്രതിപാദ്യ വിഷയങ്ങളാകുന്നത്. അതോടൊപ്പം രത്നത്തിൽ ചെയ്യാവുന്ന ചിത്രലേഖന വിദ്യയുടെ കാര്യവും കാണാം! പ്രാചീന ചരിത്രകലയുടെ ചരിത്ര പ്രാധാന്യമുള്ള വസ്തുതകളും ചില അദ്ധ്യായങ്ങളിലുണ്ട്.

ഏതാണ്ട് ഒന്നര സഹസ്രാബ്ദക്കാലം പ്രാകൃതികചരിത്ര സംബന്ധമായ വസ്തുതകൾക്ക് പണ്ഡിതന്മാർപോലും കണ്ണടച്ച് ആശ്രയിച്ചിരുന്നത് പ്ലിനിയെയാണ്. വിജ്ഞാന കുതുകികളെയും ജിജ്ഞാസുക്കളെയും ഒരതിരുവരെ തൃപ്തിപ്പെടുത്തുന്നതിന് പ്രാചീന കാലഘട്ടത്തിൽ അതുതകി. മനുഷ്യന്റെ പ്രകൃതി പഠനപാടവത്തെ പ്രോത്സാഹിപ്പിക്കുവാൻ ദീർഘകാലം സഹായിച്ച ഇത്തരം കൃതികൾ വളരെ വിരളം തന്നെ. ആധുനിക വിജ്ഞാനത്തിന്റെ പുരോഗതികൊണ്ട് കാലഹരണപ്പെട്ടുപോയ കാര്യങ്ങളാണ് ഇന്ന് അധികമായും അതിൽ കാണുന്നത്. എങ്കിലും അവ ശേഖരിക്കാനും സ്വരൂപിക്കാനും പ്ലിനി അന്നു നടത്തിയ യാത്രയിൽ, കാലത്തിന്റെ മണ്ണിൽ പതിഞ്ഞ അദ്ദേഹത്തിന്റെ പാദമുദ്രകൾ മായാതെ കിടക്കുമെന്നുള്ളതിനു സംശയമില്ല.

—

കോന്നിയൂർ
ആർ. നരേന്ദ്രനാഥ്

വിവാദപരമായ കോഹിനൂർ രത്നം

നിരവധി വിവാദപരമായ പ്രശ്നങ്ങൾക്ക് വേദിയൊരുക്കിയ കോഹിനൂർ രത്നം ഇന്ന് ഇംഗ്ലണ്ടിലെ രാജസഭയിലെ ഖജനാവിൽ സൂക്ഷിയ്ക്കപ്പെടുന്നു. പ്രശസ്തിയുടെ അത്യുന്നതങ്ങളിലേയ്ക്ക് ഉയർത്തപ്പെട്ട ഈ അസുലഭരത്നം രാജാക്കന്മാരാരും അണിഞ്ഞിട്ടില്ലത്രെ. അതിനുള്ള പ്രധാന കാരണം ഈ രത്നകിരീടം അണിയുന്ന രാജാക്കന്മാർക്ക് വലിയ ദുരന്തങ്ങൾ ഉണ്ടാകുമെന്ന വിശ്വാസമാണ്.

1850–ൽ ഇന്ത്യയുടെ ഗവർണ്ണർ ജനറലായിരുന്ന ഡൽഹൗസി പ്രഭു വിക്ടോറിയാ മഹാരാജ്ഞിക്ക് വിലമതിക്കാനാകാത്ത ഒരു സമ്മാനം നൽകി. ആ സമ്മാനം തന്നെയാണ് ഏവരുടേയും ശ്രദ്ധയ്ക്ക് പാത്രമായി പ്രശോഭിക്കുന്ന കോഹിനൂർ രത്നം. 1849–ൽ പഞ്ചാബ് പിടിച്ചെടുത്ത ഒരു ഇംഗ്ലീഷുകാരൻ അവസാനമായി കോഹിനൂർ രത്നം അണിഞ്ഞിരുന്ന രഞ്ജിത് സിങ്ങിന്റെ അനന്തരാവകാശിയിൽ നിന്നും വാങ്ങുകയുണ്ടായി.

കോഹിനൂർ രത്നം പതിച്ച കിരീടമണിഞ്ഞ ഏഴ് രാജാക്കന്മാർക്ക് വലിയ ദുരന്തങ്ങളുണ്ടായതായി പറയുന്നു. ആയതിനാൽ ഇന്നുവരെ ഇംഗ്ലണ്ടിലെ രാജാക്കന്മാരാരും ആ കിരീടം ഒരു പ്രാവശ്യംപോലും അണിയാൻ ധൈര്യം കാണിച്ചിട്ടില്ല. എന്നാൽ കോഹിനൂരിന്റെ ശാപം രാജ്ഞിമാരെ ആരേയും ബാധിക്കുകയില്ലത്രെ. അതുകൊണ്ടു തന്നെ വിക്ടോറിയാ മഹാറാണിയും, അവർക്കു ശേഷം രാജ്ഞിയായ അലക്സാൺട്രിയായും, രാജ്ഞി മേരിയും ഈ കിരീടം അണിഞ്ഞിട്ടുണ്ട്.

1937–ൽ എലിസബത്ത് രാജ്ഞി ഈ രത്നകിരീടം അണിയുകയുണ്ടായി. ഇംഗ്ലണ്ട് രാജകുടുംബത്തിൽ ഈ വിശിഷ്ട രത്നകിരീടം വന്നുചേർന്നിട്ട് 133 വർഷങ്ങളായി. പക്ഷേ ഇന്നുവരേയും ഈ കിരീടം അണിഞ്ഞുവന്നത് രാജകുടുംബത്തിലെ സ്ത്രീകളായിരുന്നു.

കോഹിനൂർ രത്നം എപ്പോൾ എങ്ങനെ ആദ്യമായി കണ്ടെത്തിയെന്ന ഔദ്യോഗിക വിവരം ഇതുവരെ ലഭിച്ചിട്ടില്ല. ആരംഭത്തിൽ 900 കാററ് ഭാരമുണ്ടായിരുന്ന ഈ രത്നം ഗോൽക്കൊണ്ടാ ഖനികളിൽ നിന്നും ലഭിച്ചതാണെന്ന് പറയുന്നു.

മഹാഭാരതത്തിൽ ഒരു ഭാഗത്ത് ഈ രത്നം പതിച്ച കിരീടം കർണ്ണന് സ്വന്തമായി ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. കർണ്ണന് ശേഷം ബി സി 56–ൽ ഉജ്ജയിനിയിലെ വിക്രമാദിത്യനും അതിനു ശേഷം മുഗൾചക്രവർത്തി ഹുമയൂണിനും ഈ രത്നകിരീടം വന്നുചേർന്നെന്ന് അഭിപ്രായമുണ്ട്. പക്ഷേ ഔദ്യോഗിക രേഖകളൊന്നും ലഭിച്ചിട്ടില്ല.

കോഹിന്നൂർ രത്നം പതിച്ച കിരീടമണിഞ്ഞ ഏഴ് രാജാക്കൻമാർക്ക് വലിയ ദുരന്തങ്ങൾ ഉണ്ടായതായി പറയുന്നു. ആയതിനാൽ ഇന്നുവരെ ഇംഗ്ലണ്ടിലെ രാജാക്കൻമാരാരും ആ കിരീടം ഒരു പ്രാവശ്യംപോലും അണിയാൻ ധൈര്യം കാണിച്ചിട്ടില്ല. എന്നാൽ കോഹിന്നൂരിന്റെ ശാപം രാജ്ഞിമാരെ ആരേയും ബാധിക്കുകയില്ലത്രെ. അതുകൊണ്ടുതന്നെ വിക്ടോറിയാ മഹാറാണിയും, അവർക്കുശേഷം രാജ്ഞിയായ അലക്സാൺട്രിയായും, രാജ്ഞി മേരിയും ഈ കിരീടം അണിഞ്ഞിട്ടുണ്ട്.

1526–ലെ പാനിപ്പട്ട് യുദ്ധത്തിന് ശേഷം ഗ്വാളിയർ മഹാരാജാവ് ഈ രത്നകിരീടം ഹുമയൂൺ ചക്രവർത്തിക്ക് സ്നേഹോപഹാരമായി സമ്മാനിക്കുകയുണ്ടായി. കോഹിനൂർ രത്നത്തിന് മുട്ടയുടെ ആകൃതിയാണുള്ളത്.

ഈ രത്നകിരീടം അണിഞ്ഞവരിൽ പലർക്കും ദുർസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഈ കിരീടം പലരുടേയും ജീവിതത്തെ നശിപ്പിക്കുമോ എന്ന ചോദ്യത്തിന് ശാസ്ത്രീയമായ മറുപടി നൽകാൻ ആർക്കും കഴിഞ്ഞിട്ടില്ലത്രെ.

—

തൊടിയിൽ
ലുക്ക്മാൻ